## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3357 — 20.06.2018-ൽ മറുപടിയ്ക്ക്

## ചവളക്കാരൻ വിഭാഗത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിലെ ഹിന്ദു ന്യൂനപക്ഷ പിന്നോക്ക സമുദായമായ ചവളക്കാരൻ വിഭാഗത്തെ, പട്ടികജാതിയിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ട് കേരളത്തിലെ പ്രഥമ ഇ.എം.എസ്. മന്ത്രിസഭ മുതൽ ഈ സർക്കാരിന് വരെ നൽകിയിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കിർടാഡ്സ് പ്രസ്തുത നിവേദനങ്ങളിലെ ആവശ്യങ്ങൾ സംബന്ധിച്ച് പഠനം നടത്തുകയും ദ്വിതീയ വിവര ശേഖരണം നടത്തുകയും ചെയ്തതിൽ ചവളക്കാരൻ സമുദായത്തെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തുവാൻ അർഹതയില്ലെന്ന് വ്യക്തമായിട്ടുണ്ട്. |
| (ബി) | 1970-ൽ ലോക് സഭയിൽ അവതരിപ്പിച്ച പട്ടികജാതി ഭേദഗതി ബില്ലിൽ കേരളത്തിൽ നിന്നും ചവളക്കാരൻ വിഭാഗത്തേയും ഉൾപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന കുഡുംബി, മടിഗ എന്നീ സമുദായങ്ങളെ പൂർണ്ണമായും ഒ.ഇ.സി ലിസ്റ്റിൽ ഉൾപ്പെടുത്തിയെങ്കിലും ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി ലിസ്റ്റിൽ പോലും ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | ചവളക്കാരൻ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതുവരെ സമുദായത്തെ പൂർണ്ണമായും ഒ.ഇ.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ? | (ഡി) | ഇതു സംബന്ധിച്ച് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ